പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1917 10.03.2020 -ൽ മറുപടിക്ക്

## വിശപ്പുരഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വിശപ്പുരഹിത കേരളം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) ഉണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് സൗജന്യമായി ഒരു നേരത്തെ ഭക്ഷണം നല്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി നടപ്പാക്കിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (ബി) പ്രസ്തുത പദ്ധതി ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) ഈ വർഷത്തെ ബജറ്റിൽ വിശപ്പ രഹിത കേരളം പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ടി പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ഡി) കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടറും ജില്ലാ സപ്ലൈ ഓഫീസറും ഉൾപ്പെടുന്ന കമ്മിറ്റി, നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**